"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം - 2- ലെ പാക്കേജ്- II ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.71/2025/WRD തീയതി,തിരുവനന്തപുരം, 26-09-2025

---

പരാമർശം:-

1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015.
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
3. സ.ഉ (സാധാ) നം. 406/2018/ജ.വി.വ തീയതി 04.06.2018.
4. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.06.2019 തീയതിയിലെ WRD025-29/APR-6/2019/KIIFB നമ്പർ നടപടിക്രമം.
5. സ.ഉ. (സാധാ) നം. 421/2023/ജ.വി.വ തീയതി 02.05.2023.
6. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23.11.2023 തീയതിയിലെ WRD025-29/APR-5/2023/KIIFB നമ്പർ നടപടിക്രമം.
7. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 07.11.2024, 25.06.2025 തീയതികളിലെ KWA-JB/3174/2025-AE9 നമ്പർ കത്തുകൾ.

**ഉത്തരവ്**

കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്ക് വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2 ന്റെ പ്രവൃത്തിയ്ക്ക് പരാമർശം (3)- ലെ സർക്കാർ ഉത്തരവ് പ്രകാരം 241 കോടി രൂപയുടെ ഭരണാനുമതിയും, കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം 289.54 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSoR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റൊറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടി രൂപയായി വർദ്ധിച്ചതിനാൽ, അധിക തുകയായ 98.371 കോടി രൂപ കൂടി ഉൾപ്പെടുത്തി 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി പരാമർശം (5) പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച വിഹിതം 385.01 കോടി രൂപയായി വർദ്ധിപ്പിച്ച് ഫണ്ടിംഗ് പരിഷ്കരിക്കുന്നതിന് പരാമർശം (6) പ്രകാരം കിഫ്ബി ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി പ്രവൃത്തികൾ 9 പാക്കേജുകളായി നടപ്പിലാക്കുന്നതിന് പുന:ക്രമീകരണം ചെയ്യുകയുണ്ടായി.

2. തലവടി, എടത്വാ, വീയപുരം എന്നിവിടങ്ങളിലേക്കുള്ള ട്രാൻസ്മിഷൻ മെയിൻ 1A1 ന്റെ വിതരണവും, സ്ഥാപിക്കലും, തലവടി, എടത്വ എന്നിവിടങ്ങളിൽ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, വീയപുരത്തും തലവടിയിലും നിലവിലുള്ള ഉന്നതതല ജലസംഭരണികളുടെ നവീകരണവുമാണ് കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം-2 ലെ പാക്കേജ് - II- ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയ്ക്കായി 20.68 കോടി രൂപയുടെ സാങ്കേതികാനുമതി 04.05.2023-തീയതിയിൽ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

3. പ്രസ്തുത പ്രവൃത്തിയ്ക്കായി ഐറ്റം റേറ്റ് BoQ ആയി ആദ്യം ക്ഷണിച്ച ഇ-ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ ആയത് റദ്ദാക്കുകയാണുണ്ടായത്. പുന:ദർഘാസ് ക്ഷണിച്ചപ്പോൾ, M/s Noble Tech Engineering Pvt. Ltd സമർപ്പിച്ച ഏക ദർഘാസ് മാത്രമാണ് ലഭിച്ചത്. പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത തുക TPAC യേക്കാൾ 17.98% കൂടുതലായതിനാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് പുന:ദർഘാസ് ക്ഷണിക്കുകയുണ്ടായി. രണ്ടാം പുന:ദർഘാസിൽ ശ്രീ. അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട്. പി.ഒ, പെരുവ, കോട്ടയം സമർപ്പിച്ച ഏക ദർഘാസ് മാത്രമാണ് ലഭിച്ചത്. പ്രസ്തുത കരാറുകാരൻ എൻ.ഐ.റ്റി നിശ്ചയിച്ചിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതിനാൽ ടെണ്ടർ കമ്മിറ്റി ടിയാനെ പ്രീ-ക്വാളിഫൈ ചെയ്യുകയും, 27.07.2024 തീയതിയിൽ പ്രസ്തുത ദർഘാസ് തുറക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത തുകയായ 23,97,04,021.02/- രൂപ ദർഘാസ് തുകയായ 17,52,51,203/- രൂപയേക്കാൾ 36.78% അധികരിച്ചതായിരുന്നുവെന്നും, തുടർന്ന് ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുവാൻ കോൺട്രാക്ടർമാരുടെ PRICE 3.0 പോർട്ടൽ മുഖാന്തരം കരാറുകാരനോട് അഭ്യർത്ഥിച്ചപ്പോൾ, ക്വാട്ട് ചെയ്ത തുക ദർഘാസ് തുകയേക്കാൾ 36.16% അധികരിച്ച 23,86,67,771/- രൂപയായി കുറയ്ക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചുവെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി. Negotiated തുകയും കൂടുതലായതിനാൽ കേരള വാട്ടർ അതോറിറ്റി കരാറുകാരനുമായി re-negotiate ചെയ്യുകയും TPAC യേക്കാൾ 35.74% ഉം പ്രാദേശിക വിപണി നിരക്കിനേക്കാൾ 26.56% ഉം അധികരിച്ച 23,78,86,926/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുവാൻ കരാറുകാരൻ തയ്യാറായി.

4. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയും പ്രാദേശിക വിപണി നിരക്കുമായ 18,79,56,684/- രൂപയ്ക്ക് മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

5. കുട്ടനാട് കുടിവെള്ള പദ്ധതിയിലെ ഉല്പാദന ഘടകങ്ങളാണ് (ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കൽ, ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം, അനുബന്ധ ജോലികൾ) പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുന്നതെന്നും, രണ്ടാം പുന:ദർഘാസിലും ഒരു ഓഫർ മാത്രമേ ലഭിച്ചുള്ളൂവെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചു. കുട്ടനാടൻ മേഖലകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നും, വളരെ വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്ത നിലവിലുള്ള പഴയ പദ്ധതികളിൽ നിന്നുള്ള പരിമിതമായ ജലലഭ്യത കാരണം ജലവിതരണം അപര്യാപ്തവും ഇടവിട്ടുള്ളതുമാണെന്നും, കുട്ടനാട് പ്രദേശത്തിന്റെ ഇന്നത്തെയും ഭാവിയിലെയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ ഭാഗികമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നിലവിലുള്ള പദ്ധതികൾക്ക് കഴിയില്ല എന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷന്റെ കീഴിൽ കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ സർവീസ് കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ക്രമീകരിച്ചിട്ടുണ്ടെന്നും, നിർദ്ദിഷ്ട സ്ഥലം സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാട് പ്രദേശത്തായതിനാൽ സീസണൽ ജോലികൾ

മാത്രമേ സാധ്യമാകൂ എന്ന വസ്തുതയാണ് ഉയർന്ന വിലനിർണ്ണയത്തിനുള്ള കാരണമെന്നും, ഭൂമിയിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ, സിവിൽ പ്രവൃത്തികൾക്ക്, പ്രത്യേകിച്ച് അടിത്തറ നിർമ്മാണത്തിന്, പ്രത്യേക യന്ത്രസാമഗ്രികളും വൈദഗ്ധ്യമുള്ള തൊഴിലാളികളും ഉൾപ്പെടെയുള്ള പ്രത്യേക നിർമ്മാണ സാങ്കേതികവിദ്യകൾ ആവശ്യമാണെന്നും, സാധാരണ ഭൂപ്രദേശങ്ങളെ അപേക്ഷിച്ച് ജലവിതാനം വളരെ ഉയർന്നതായതിനാൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് കൂടുതൽ സമയവും പണവും ആവശ്യമാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

6. പ്രസ്തുത സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡറായ "ശ്രീ. അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട്. പി.ഒ, പെരുവ, കോട്ടയം" — ന് അവർ ക്വാട്ട് ചെയ്ത, ദർഘാസ് തുകയേക്കാൾ 35.74% ഉം, പ്രാദേശിക വിപണി നിരക്കിനേക്കാൾ 26.56% ഉം അധികരിച്ച 23,78,86,926/- രൂപയ്ക്ക് (ഇരുപത്തിമൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി എൺപത്തിയാറായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) പ്രസ്തുത ദർഘാസ് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (7) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

7. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഈ പ്രവൃത്തി കിഫ്ബിയുടെ ധനസഹായത്താൽ നടത്തുന്ന വളരെ വിപുലമായ 385 കോടി രൂപയ്ക്ക് അകത്തുവരുന്ന ഒരു ചെറിയ പ്രവൃത്തിയാണ്. ഇത് ആദ്യം പലതവണ ടെണ്ടർ ചെയ്ത് ടെണ്ടർ എക്സസ് അംഗീകാരത്തിനായി സർക്കാരിലും വന്നതിനുശേഷം വീണ്ടും റീടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകിയതാണ്. ഇപ്പോൾ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റിനേക്കാൾ 36 ശതമാനം കൂടുതലാണ്. ഇതിൽ കാണുന്ന പ്രധാന കാര്യം സാധാരണ കേസുകളിൽ നിന്നും വ്യത്യസ്തമായി ഇതിലെ ടോളറൻസ് ലിമിറ്റ് 19.25 കോടിയും, ലോക്കൽ മാർക്കറ്റ് റേറ്റ് അതിനേക്കാൾ കുറവുമാണ്. ഇതിൽ നിന്നും പ്രൈസ് സംവിധാനത്തിലെ എൽ.എം.ആർ. രേഖപ്പെടുത്തിയത് നിജപ്പെടുത്തുന്നതിൽ ന്യൂനത ഉണ്ടെന്ന് കാണുന്നു. ഈ പ്രവൃത്തി പ്രധാന കുടിവെള്ള പദ്ധതിയെ ബാധിക്കും എന്നതിനാലും ഇനിയും ടെണ്ടർ ചെയ്യുന്നത് ചെലവ് കൂട്ടാനേ സഹായകരമാകൂ എന്നതും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

8. പ്രസ്തുത സാഹചര്യത്തിൽ "കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം - 2 പാക്കേജ്- II - തലവടി, എടത്വാ, വീയപുരം എന്നിവിടങ്ങളിലേക്കുള്ള ട്രാൻസ്മിഷൻ മെയിൻ 1A1 ന്റെ വിതരണവും, സ്ഥാപിക്കലും, തലവടി, എടത്വ എന്നിവിടങ്ങളിൽ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, വീയപുരത്തും തലവടിയിലും നിലവിലുള്ള ഉന്നതതതല ജലസംഭരണികളുടെ നവീകരണം - ജനറൽ സിവിൽ വർക്ക്" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച സിംഗിൾ ബിഡ്ഡറായ "ശ്രീ. അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട്. പി.ഒ, പെരുവ, കോട്ടയം" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 35.74% ഉം പ്രാദേശിക വിപണി നിരക്കിനേക്കാൾ 26.56% ഉം അധികരിച്ച 23,78,86,926/- രൂപയ്ക്ക് (ഇരുപത്തിമൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി എൺപത്തിയാറായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. The tendering authority may be directed to issue LOA specifying the clause.9.14.1.6 of the NIT Vol-I to the effect that 'on each supply, Contractor

may submit bills for materials supplied not exceeding 80% of estimate rate / quoted rate of materials, whichever is less'.

II. KIIFB shall concur the tender only on conditions that "Supply of Pipes & Payment for supply shall be strictly according to the CL 9.14 of the NIT conditions" and that " Only the laid quantity of pipe will be paid by KIIFB and excess supply if any shall be the responsibility of the SPV/contractor and KIIFB shall not pay for such excess quantity".

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് ( 24.09.2025-ലെ ഇനം. 3275 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. Infra-2/30/2024/Fin)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 26-09-2025 11:01:28
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്- ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-09-2025

ഫയൽ നം. ഡബ്ല്യു.എസ്.- ബി1/241/2024/ജ.വി.വ. ഇനം നം: 3275

വിഷയം : ജലവിഭവ വകുപ്പ് - "കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- II-ലെ പാക്കേജ്-2-ന്റെ പ്രവൃത്തിയ്ക്ക്" ലഭിച്ച Tendered PAC-യേക്കാൾ 35.74% അധികരിച്ച 23,78,86,926/- രൂപയ്ക്ക് (ഇരുപത്തിമൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി എൺപത്തിയാറായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

25/9/25
S.S

3275

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂ എസ്- ബി1/241/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- II- ലെ പാക്കേജ്-2 ന്റെ പ്രവൃത്തിയ്ക്ക്" ലഭിച്ച Tendered PAC യേക്കാൾ 35.74% അധികരിച്ച 23,78,86,926/- രൂപയ്ക്ക് (ഇരുപത്തിമൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി എൺപത്തിയാറായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06/09/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/09/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/09/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ. |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 17/09/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17/09/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം- 2- ലെ പാക്കേജ്- 2 ന്റെ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. കുട്ടനാട് താലൂക്കിൽപെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്ക് വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഘട്ടം-2- ന് 04/06/2018 തീയതിയിലെ സ.ഉ (സാധാ) നം. 406/2018/ജ.വി.വ ഉത്തരവ് പ്രകാരം 241 കോടി രൂപയുടെ ഭരണാനുമതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും, 25.06.2019 തീയതിയിലെ WRD025-29/APR-6/2019/KIIFB ഉത്തരവ് പ്രകാരം കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി 289.54 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3. PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റോറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടിയായി വർദ്ധിച്ചു. അധിക തുകയായ 98.371 കോടി രൂപ കൂടി ഉൾപ്പെടുത്തി 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 02.05.2023 തീയതിയിലെ സ.ഉ (സാധാ) നം. 421/2023/ജ.വി.വ നമ്പർ ഉത്തരവിലൂടെ നൽകിയിട്ടുണ്ട്. 23.11.2023 തീയതിയിലെ WRD025-29/APR-5/2023/KIIFB ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച വിഹിതം 385,01,38,929.54/- രൂപയായി വർദ്ധിപ്പിച്ച് ഫണ്ടിംഗ് പരിഷ്കരിക്കുന്നതിന് കിഫ്ബി ഉത്തരവായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി പ്രവൃത്തികൾ 9 പാക്കേജുകളായി നടപ്പിലാക്കുന്നതിന് പുനഃക്രമീകരണം ചെയ്യുകയുണ്ടായി.

4. "KIIFB- WRD025-29- കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം - II പാക്കേജ് 2 - തലവടി, എടത്വാ, വീയപുരം എന്നിവിടങ്ങളിലേക്കുള്ള ട്രാൻസ്മിഷൻ മെയിൻ 1A1 ന്റെ വിതരണവും, സ്ഥാപിക്കലും, തലവടി, എടത്വ എന്നിവിടങ്ങളിൽ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, വീയപുരത്തും തലവടിയിലും നിലവിലുള്ള ഉന്നതതല ജലസംഭരണികളുടെ നവീകരണം - ജനറൽ സിവിൽ വർക്ക്" എന്ന പ്രവൃത്തിയ്ക്കായി 20.68 കോടി രൂപയുടെ സാങ്കേതികാനുമതി 04/05/2023-ൽ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

5. പ്രസ്തുത പ്രവൃത്തിയ്ക്കായി കേരള വാട്ടർ അതോറിറ്റി പി.എച്ച് സർക്കിൾ, ആലപ്പുഴ, ഐറ്റം റേറ്റ് BoQ ആയി 11.05.2023- ൽ ഇ-ടെൻഡർ ക്ഷണിച്ചുവെങ്കിലും, ആയതിൽ ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കുകയാണുണ്ടായത്. പുനഃദർഘാസ് ക്ഷണിച്ചപ്പോൾ, M/s Noble Tech Engineering Pvt. Ltd സമർപ്പിച്ച ഏക ദർഘാസ് മാത്രമാണ് ലഭിച്ചത്. പ്രസ്തുത single bidder ക്വാട്ട് തുക TPAC യേക്കാൾ 17.98% കൂടുതലായതിനാൽ, പ്രസ്തുത പ്രവൃത്തിയ്ക്ക് പുനഃദർഘാസ് ക്ഷണിക്കുവാൻ സർക്കാർ കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചു. വ്യാപക പ്രചാരണത്തോടെ 28.06.2024 അവസാന തീയതിയായി നിശ്ചയിച്ച് രണ്ടാം പുനഃദർഘാസ് ക്ഷണിച്ചപ്പോൾ ശ്രീ. അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട്. പി.ഒ, പെരുവ, കോട്ടയം സമർപ്പിച്ച ഏക ദർഘാസ് മാത്രമാണ് ലഭിച്ചത്. പ്രസ്തുത bidder എൻ.ഐ.റ്റി നിശ്ചയിച്ചിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതിനാൽ ടെണ്ടർ കമ്മിറ്റി ടിയാനെ പ്രീ-ക്വാളിഫൈ ചെയ്യുകയും, 27.07.2024 തീയതിയിൽ പ്രസ്തുത ദർഘാസ് തുറക്കുകയും ചെയ്തു.

6. Single bidder ആയ ശ്രീ. അബു മാത്യു, 14/307, കാരമേൽ കോയിക്കൽ, കരിക്കോട്. പി.ഒ, പെരുവ, കോട്ടയം -ന്റെ Quoted തുക Tendered PAC ആയ 17,52,51,203/- രൂപയേക്കാൾ 36.78% അധികരിച്ച 23,97,04,021.02/- രൂപയായിരുന്നു. ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുവാൻ കോൺട്രാക്ടർമാരുടെ PRICE 3.0 പോർട്ടൽ മുഖാന്തരം കരാറുകാരനോട് അഭ്യർത്ഥിച്ചപ്പോൾ, ക്വാട്ട് ചെയ്ത തുക TPAC യേക്കാൾ 36.16 % അധികരിച്ച 23,86,67,771/- രൂപയായി കുറയ്ക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചു.

7. ടെൻഡർ കമ്മിറ്റി ദർഘാസ് വിശദമായി വിലയിരുത്തുകയും താഴെപ്പറയുന്ന കാര്യങ്ങൾ നിരീക്ഷിക്കുകയുമുണ്ടായി.

| | |
|---|---|
| A)LMR PAC corresponding to TPAC | Rs. 18,79,56,683.76/-<br>(7.25% above TPAC) (From PRICE) |
| B)Quoted amount | Rs. 23,97,04,021.02/-<br>(36.78% above TPAC) |
| Negotiated Amount | Rs. 23,86,67,771/-<br>(36.19% above TPAC) |
| C)Current SOR + 10% | Rs. 19,25,70,018/-<br>(9.85% above TPAC) (From PRICE) |

8. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും LMR estimate തുകയുമായ

18,79,56,684/- രൂപയ്ക്ക് മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ. negotiated തുകയും കൂടുതലായതിനാൽ കേരള വാട്ടർ അതോറിറ്റി കരാറുകാരനുമായി re-negotiate ചെയ്യുകയും TPAC യേക്കാൾ 35.74% ഉം പ്രാദേശിക വിപണി നിരക്കിനേക്കാൾ 26.56% ഉം അധികരിച്ച 23,78,86,926/- രൂപയ്ക്ക് പ്രവൃത്തി ഏറ്റടുക്കുവാൻ കരാറുകാരൻ തയ്യാറായി.

9. കുട്ടനാട് കുടിവെള്ള പദ്ധതിയിലെ ഉല്പാദന ഘടകങ്ങളാണ് (ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കൽ, ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം, അനുബന്ധ ജോലികൾ) പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുന്നതെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തു. രണ്ടാം പുനഃദർഘാസിലും ഒരു ഓഫർ മാത്രമേ ലഭിച്ചുള്ളൂ. കുട്ടനാടൻ മേഖലകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. വളരെ വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്ത നിലവിലുള്ള പഴയ പദ്ധതികളിൽ നിന്നുള്ള പരിമിതമായ ജലലഭ്യത കാരണം ജലവിതരണം അപര്യാപ്തവും ഇടവിട്ടുള്ളതുമാണ്. കുട്ടനാട് പ്രദേശത്തിന്റെ ഇന്നത്തെയും ഭാവിയിലെയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ ഭാഗികമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നിലവിലുള്ള പദ്ധതികൾക്ക് കഴിയില്ല. പ്രദേശത്തെ ഭൂഗർഭ ജലത്തിന്റെ പ്രത്യേകതയും ഉപ്പുവെള്ളം കയറുന്നതുൾപ്പെടെയുള്ള മോശം ഭൂഗർഭജല നിലവാരവും കാരണം ഈ പ്രദേശങ്ങളിലെ കുഴൽക്കിണറുകളും പ്രവർത്തനക്ഷമമല്ല. വിശ്വസനീയവും സുരക്ഷിതവുമായ ജലവിതരണ സംവിധാനത്തിന്റെ അഭാവം ദൈനംദിന ജീവിതത്തെ ബാധിക്കുക മാത്രമല്ല, സമൂഹത്തിന് കാര്യമായ ആരോഗ്യ അപകടസാധ്യത സൃഷ്ടിക്കുകയും ചെയ്യുന്നു. ഉപരിതല ജലസ്രോതസ്സുകളുടെ അപചയവും പ്രദേശത്തിന്റെ ജലക്ഷാമത്തിന് കാരണമായി. പ്രദേശത്തെ ദരിദ്രർ കടുത്ത ദുരിതത്തിലാണ്. നിത്യോപയോഗത്തിനായി ഉയർന്ന വിലയ്ക്ക് വെള്ളം വാങ്ങുന്നത് പ്രദേശത്തെ പാവപ്പെട്ടവരുടെ ജീവിതം ദുസ്സഹമാക്കുന്നു. പ്രദേശത്തെ കനാലുകളും തോടും "പോള" കൊണ്ട് നിറഞ്ഞിരിക്കുന്നു. വെള്ളം കലങ്ങിയതും ഗാർഹിക ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്തതും പ്രദേശത്തെ ശിശുക്കളുടെയും കുട്ടികളുടെയും ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്നു. ജൽ ജീവൻ മിഷന്റെ കീഴിൽ, കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ സർവീസ് കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം ക്രമീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സമുദ്രനിരപ്പിന് താഴെയുള്ള കുട്ടനാട് പ്രദേശത്തായതിനാൽ സീസണൽ ജോലികൾ മാത്രമേ സാധ്യമാകൂ എന്ന വസ്തുതയാണ് ഉയർന്ന വിലനിർണ്ണയത്തിനുള്ള കാരണം. ഭൂമിയിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ, സിവിൽ പ്രവൃത്തികൾക്ക്, പ്രത്യേകിച്ച് അടിത്തറ നിർമ്മാണത്തിന്, പ്രത്യേക യന്ത്രസാമഗ്രികളും വൈദഗ്ധ്യമുള്ള തൊഴിലാളികളും ഉൾപ്പെടെയുള്ള പ്രത്യേക നിർമ്മാണ സാങ്കേതികവിദ്യകൾ

ആവശ്യമാണ്. സാധാരണ ഭൂപ്രദേശങ്ങളെ അപേക്ഷിച്ച് ജലവിതാനം വളരെ ഉയർന്നതായതിനാൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന് കൂടുതൽ സമയവും പണവും ആവശ്യമാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

10. പ്രസ്തുത സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡർക്ക് അദ്ദേഹം negotiate ചെയ്ത, TPAC -യേക്കാൾ 35.74% ഉം പ്രാദേശിക വിപണി നിരക്കിനേക്കാൾ 26.56% ഉം അധികരിച്ച 23,78,86,926/- രൂപയ്ക്ക് (ഇരുപത്തിമൂന്ന് കോടി, എഴുപത്തിയെട്ട് ലക്ഷത്തി എൺപത്തിയാറായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) പ്രസ്തുത ദർഘാസ് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

11. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധികരുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*"Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

12. ധനകാര്യ വകുപ്പ് താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടു:

1. "As per the details submitted, the L1 amount is 23.94% above the SOR+10% estimate, and 26.98% above the LMR estimate. As per KIIFB guidelines, "Tenders beyond justifiable market rate shall not be accepted. In exceptional circumstances if the tenders are to be accepted at a higher amount than the justifiable market rate the same shall be done with the approval of the Council of Ministers only.
2. The tendering authority may be directed to issue LOA specifying the clause.9.14.1.6 of the NIT Vol-I to the effect that 'on each supply, Contractor may submit bills for materials supplied not exceeding 80% of estimate rate / quoted rate of materials, whichever is less'. This clause may be incorporated in the agreement also as the contractor was well

aware about the clause 9.14.1.6 before bidding and hence they could not claim 100% of the quoted rate.

3. KIIFB shall concur the tender only on conditions that "Supply of Pipes & Payment for supply shall be strictly according to the CL 9.14 of the NIT conditions" and that " Only the laid quantity of pipe will be paid by KIIFB and excess supply if any shall be the responsibility of the SPV/contractor and KIIFB shall not pay for such excess quantity"

13. ബഹു. ജലവിഭവ വകുപ്പ മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

"ഈ പ്രവൃത്തി കിഫ്ബിയുടെ ധനസഹായത്താൽ നടത്തുന്ന വളരെ വിപുലമായ 385 കോടി രൂപയ്ക്ക് അകത്തുവരുന്ന ഒരു ചെറിയ പ്രവൃത്തിയാണ്. ഇത് ആദ്യം പലതവണ ടെണ്ടർ ചെയ്ത് ടെണ്ടർ എക്സസ് അംഗീകാരത്തിനായി സർക്കാരിലും വന്നതിനുശേഷം വീണ്ടും റീകാസ്റ്റ് ചെയ്ത് റീടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകിയതാണ്. ഇപ്പോൾ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റിനേക്കാൾ 36 ശതമാനം കൂടുതലാണ്. ഇതിൽ കാണുന്ന പ്രധാന കാര്യം സാധാരണ കേസുകളിൽ നിന്നും വ്യത്യസ്തമായി ഇതിലെ ടോളറൻസ് ലിമിറ്റ് 19.25 കോടിയും, ലോക്കൽ മാർക്കറ്റ് റേറ്റ് അതിനേക്കാൾ കുറവുമാണ്. ഇതിൽ നിന്നും പ്രൈസ് സംവിധാനത്തിലെ എൽ.എം.ആർ. രേഖപ്പെടുത്തിയത് നിജപ്പെടുത്തുന്നതിൽ ന്യൂനത ഉണ്ടെന്ന് കാണുന്നു. ഈ പ്രവൃത്തി പ്രധാന കുടിവെള്ള പദ്ധതിയെ ബാധിക്കും എന്നതിനാലും ഇനിയും ടെണ്ടർ ചെയ്യുന്നത് ചെലവ് കൂട്ടാനേ സഹായകമാകൂ എന്നതിനാലും ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാൻ ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

14. ബഹു. മുഖ്യമന്ത്രി താഴെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"06..02..2017-ലെ G.O(P)No.16/2017/Fin ഉത്തരവ് പ്രകാരമുള്ള ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശ സഹിതം സമർപ്പിക്കുക. കൂടാതെ പ്രസ്തുത കമ്മിറ്റി, വാട്ടർ അതോറിറ്റിയുടെ ടെൻഡർ ഡോക്യുമെന്റിലും പ്രക്രിയയിലും ഉണ്ടായിട്ടുള്ള അപാകതകൾ പരിശോധിച്ച് അത് പരിഹരിക്കാനുമുള്ള നിർദ്ദേശങ്ങളും സമർപ്പിക്കുക"

15. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം-II ന്റെ പാക്കേജ്-2 ന് ലഭിച്ച ഏക ദർഘാസ് പരിശോധിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സ്റ്റാൻഡിങ് കമ്മിറ്റി 13.06.2025 നും 04.08.2025 നും യോഗം ചേർന്നു. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം- II ലെ പാക്കേജ് 2- ന്റെ ടെൻഡർ ഡോക്യുമെന്റിലും, പ്രക്രിയയിലും അപാകതകളൊന്നും കണ്ടെത്തിയിട്ടില്ലെന്ന് യോഗം

വിലയിരുത്തുകയുണ്ടായി. തുടർന്ന് ടെൻഡർ നിരക്കുകൾ DSoR-2021 മായി താരതമ്യം ചെയ്ത് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ താഴെ പറയും പ്രകാരമുള്ള താരതമ്യ സ്റ്റേറ്റ്മെന്റ് യോഗം വിശദമായി പരിശോധിച്ചു.

| | As per DsoR 2018 | As per DsoR 2021 |
|---|---|---|
| Estimate Amount | Rs. 17,52,51,203 (TPAC) | Rs. 18,44,89,797.31 |
| LMR PAC (Based on current SoR) | Rs. 18,79,56,683.76 (7.25% above TPAC 2018) | Rs. 21,51,93,618.98 (16.64% above TPAC 2021) |
| Current SoR +10% | Rs.19,25,07,018.19 | Rs. 20,29,38,777.04 |
| Quoted PAC | Rs. 23,78,86,926 (35.74% above TPAC 2018) | Rs. 23,78,86,926 (28.94% above TPAC 2021) |

പ്രസ്തുത ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച് തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് യോഗം ശിപാർശ ചെയ്യുകയുണ്ടായി

16. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

"കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ഘട്ടം - II പാക്കേജ് 2 - തലവടി, എടത്വാ, വീയപുരം എന്നിവിടങ്ങളിലേക്കുള്ള ട്രാൻസ്മിഷൻ മെയിൻ 1A1 ന്റെ വിതരണവും, സ്ഥാപിക്കലും, തലവടി, എടത്വ എന്നിവിടങ്ങളിൽ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, വീയപുരത്തും തലവടിയിലും നിലവിലുള്ള ഉന്നതതതല ജലസംഭരണികളുടെ നവീകരണം - ജനറൽ സിവിൽ വർക്ക്" എന്ന പ്രവൃത്തിയ്ക്ക് "ശ്രീ. അബു മാത്യൂ, 14/307, കാരമേൽ കോയിക്കൽ, കരിക്കോട്. പി.ഒ, പെരുവ, കോട്ടയം" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, tendered PAC യേക്കാൾ 35.74% ഉം പ്രാദേശിക വിപണി നിരക്കിനേക്കാൾ 26.56% ഉം അധികരിച്ച 23,78,86,926/- രൂപയ്ക്ക് (ഇരുപത്തിമൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി എൺപത്തിയാറായിരത്തി തൊള്ളായിരത്തി ഇരുപത്തിയാറ് രൂപ മാത്രം) താഴെ

പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാമോ;

I. The tendering authority may be directed to issue LOA specifying the clause.9.14.1.6 of the NIT Vol-I to the effect that 'on each supply, Contractor may submit bills for materials supplied not exceeding 80% of estimate rate / quoted rate of materials, whichever is less'.

II. KIIFB shall concur the tender only on conditions that "Supply of Pipes & Payment for supply shall be strictly according to the CL 9.14 of the NIT conditions" and that " Only the laid quantity of pipe will be paid by KIIFB and excess supply if any shall be the responsibility of the SPV/contractor and KIIFB shall not pay for such excess quantity".